**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1499** **30-08-2022 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂരിൽ ഫിഷറീസ് കോളേജ് ആരംഭിക്കുന്നതിനായി ഭൂമി അനുവദിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഫിഷറീസ് കോളേജ് ആരംഭിക്കുന്നതിനായി പയ്യന്നൂർ താലൂക്കിലെ കോറോം വില്ലേജിൽ കണ്ടെത്തിയ റവന്യൂ ഭൂമി യൂണിവേഴ്സിറ്റിക്ക് പാട്ടവ്യവസ്ഥയിൽ നൽകുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ തുടർനടപടികൾ ഏതുഘട്ടം വരെ ആയെന്ന് വിശദമാക്കാമോ; | (എ) | ഫിഷറീസ് കോളേജ് ആരംഭിക്കുന്നതിനായി കണ്ടെത്തിയിട്ടുള്ള കണ്ണൂർ ജില്ലയിലെ പയ്യന്നൂർ താലൂക്കിൽ കോറോം വില്ലേജിൽ പെട്ട 5.0935 ഹെക്ടർ ഭൂമി, യൂണിവേഴ്സിറ്റിക്ക് പാട്ട വ്യവസ്ഥയിൽ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കുന്നതിലേയ്ക്കായി കണ്ണൂർ ജില്ലാ കളക്ടർ 27.07.2022 ലെ കത്ത് പ്രകാരം ലാൻഡ് റവന്യൂ കമ്മീഷർക്ക് സമർപ്പിച്ചിട്ടുള്ളതാണ്. ആയത് പരിശോധിച്ച് വരുകയാണ്. സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ഭൂമി കൈമാറ്റം വേഗത്തിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാമോ? | (ബി) | ഫിഷറീസ് കോളേജ് ആരംഭിക്കുന്നതിനായി കണ്ടെത്തിയിട്ടുള്ള കണ്ണൂർ ജില്ലയിലെ പയ്യന്നൂർ താലൂക്കിൽ കോറോം വില്ലേജിൽ പെട്ട 5.0935 ഹെക്ടർ ഭൂമി, യൂണിവേഴ്സിറ്റിക്ക് പാട്ട വ്യവസ്ഥയിൽ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കുന്നതിലേയ്ക്കായി കണ്ണൂർ ജില്ലാ കളക്ടർ 27.07.2022 ലെ കത്ത് പ്രകാരം ലാൻഡ് റവന്യൂ കമ്മീഷർക്ക് സമർപ്പിച്ചിട്ടുള്ളതാണ്. ആയത് പരിശോധിച്ച് വരുകയാണ്. സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ